## പതിമൂന്നാംകേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.27 01.12.2014 - ൽ മറുപടിക്ക്

## കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങളോടുള്ള നിലപാട്

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.എളമരം കരീം<br>" സാജു പോൾ<br>" എ.എം.ആരിഫ് | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കേന്ദ്ര സർക്കാർ ഊർജ്ജിതമായി നടപ്പാക്കുന്ന നവ ഉദാരവൽക്കരണ സാമ്പത്തിക പരിഷ്ക്കാരങ്ങളോടുള്ള നിലപാട് വെളിപ്പെടുത്താമോ;<br><br>(ബി) സാമ്പത്തിക പരിഷ്ക്കാരങ്ങൾ സംസ്ഥാനത്തെയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചിരിക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;<br><br>(സി) സംസ്ഥാന സർക്കാരിന് വിയോജിപ്പുള്ള കേന്ദ്ര സാമ്പത്തിക പരിഷ്ക്കാര നടപടികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഇക്കാര്യം മുൻ കേന്ദ്ര സർക്കാരിനേയോ ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനേയോ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സബ്സിഡികൾ വെട്ടിക്കുറയ്ക്കൽ, ഭൂമി ഏറ്റെടുക്കൽ നിയമ ഭേദഗതി, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പരിഷ്ക്കാര നടപടികളോടുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ടോ;<br><br>ഡി) ജനങ്ങളുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്ന പ്രസ്തുത പരിഷ്ക്കാരങ്ങൾങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ ശക്തമായി സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ? | (എ), (ബി), (സി) & (ഡി).<br><br>കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം വിഷയാധിഷ്ഠിതമാണ്. കേന്ദ്ര സർക്കാരിന്റെ എല്ലാ നയങ്ങളേയും അന്ധമായി എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്ന ഒരു സമീപനം ഈ സർക്കാരിനില്ല.<br><br>സംസ്ഥാനത്തിന്റെ കാർഷിക വ്യാവസായിക നയങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം അവ ചൂണ്ടിക്കാട്ടാനും തിരുത്തിക്കാനും സർക്കാർ ശ്രമിച്ചിട്ടുണ്ട്.<br><br>വിവിധ വിഷയങ്ങളിൻമേൽ മുൻ കേന്ദ്രസർക്കാരും ഇപ്പോഴത്തെ സർക്കാരും കൈകൊണ്ടിട്ടുള്ള സമീപനങ്ങൾക്കനുസരിച്ചാണ് സംസ്ഥാന സർക്കാർ നിലപാടുകൾ എടുത്തിട്ടുള്ളത്. സംസ്ഥാനത്തെ ബാധിക്കുന്ന റബ്ബർ ഇറക്കുമതി, പാമോലിൻ ഇറക്കുമതി തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ എതിർപ്പുകൾ കാലാകാലങ്ങളിലെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ